## ഭരണഘടന (നൂറ്റി അഞ്ചാം ഭേദഗതി) ആക്റ്റ്, 2021

ഭാരതത്തിന്റെ ഭരണഘടന
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള
ഒരു
ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തി രണ്ടാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ആക്റ്റിന് ഭരണഘടന (നൂറ്റി അഞ്ചാം ഭേദഗതി) ആക്റ്റ്, 2021 എന്ന് പേര് പറയാം.

(2) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. 338ഖ അനുച്ഛേദത്തിന്റെ ഭേദഗതി.- ഭരണഘടനയുടെ 338ഖ അനുച്ഛേദത്തിൽ, (9)-ാം ഖണ്ഡത്തിൽ, താഴെപ്പറയുന്ന പരിമിതി വ്യവസ്ഥ ചേർക്കേണ്ടതാണ്, അതായത്:-

"എന്നാൽ ഈ ഖണ്ഡത്തിലെ യാതൊന്നും 342ക അനുച്ഛേദം (3)-ാം ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക് ബാധകമാകുന്നതല്ല.".

3. 342ക അനുച്ഛേദത്തിന്റെ ഭേദഗതി.- ഭരണഘടനയുടെ 342ക അനുച്ഛേദത്തിൽ,-

(ക) (1)-ാം ഖണ്ഡത്തിൽ, "സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്ക വിഭാഗങ്ങളെ നിർദ്ദേശിക്കാവുന്നതും അവ, ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്കായി" എന്ന വാക്കുകൾക്കുപകരം "കേന്ദ്ര ലിസ്റ്റിലെ സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്ക വിഭാഗങ്ങളെ നിർദ്ദേശിക്കാവുന്നതും അവ കേന്ദ്ര സർക്കാരിന്റെ ആവശ്യങ്ങൾക്കായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഖ) (2)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:-

'*വിശദീകരണം.*-(1)-ഉം (2)-ഉം ഖണ്ഡങ്ങളുടെ ആവശ്യങ്ങൾക്കായി, "കേന്ദ്ര ലിസ്റ്റ്" എന്ന പദപ്രയോഗം എന്നാൽ കേന്ദ്ര സർക്കാർ തയ്യാറാക്കുന്നതും വച്ചുപോരുന്നതും കേന്ദ്ര സർക്കാരിനുവേണ്ടിയുമുള്ള, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങളുടെ ലിസ്റ്റ് എന്നർത്ഥമാകുന്നു.

(3) (1)-ഉം (2)-ഉം ഖണ്ഡങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഓരോ സംസ്ഥാനത്തിനും അല്ലെങ്കിൽ യൂണിയൻ പ്രദേശത്തിനും നിയമം വഴി, അതിന്റെ സ്വന്തം ആവശ്യങ്ങൾക്കായി, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കാവുന്നതും വച്ചുപോരാവുന്നതും അതിലെ ഉൾക്കുറിപ്പുകൾ കേന്ദ്ര ലിസ്റ്റിലേതിൽ നിന്നും വ്യത്യസ്തമാകാവുന്നതുമാണ്.'.

4. <u>366-ാം അനുച്ഛേദത്തിന്റെ ഭേദഗതി.</u>-ഭരണഘടനയുടെ 366-ാം അനുച്ഛേദത്തിൽ, (26ഗ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

'(26ഗ) "സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങൾ" എന്നാൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാനത്തിന്റെയോ യൂണിയൻ പ്രദേശത്തിന്റെയോ ആവശ്യങ്ങൾക്ക്, അതതു സംഗതി പോലെ, 342ക അനുച്ഛേദ പ്രകാരം അപ്രകാരം കരുതപ്പെടുന്ന അങ്ങനെയുള്ള പിന്നാക്ക വിഭാഗങ്ങൾ എന്നർത്ഥമാകുന്നു'.

B.S. Jayakumar
Addl. Law Secretary
on O.D. as Member
OL(L)C.

M. Bhaskar
10/12/21
MINI BHASKAR S.
Additional Law Secretary
Law Department, Secretariat, on OD
as Member of Official Languages
(Legislative Commission)

Sobha Nair
10/12/2021
L. SOBHA NAIR
Additional Secretary to Govt.
Law Department, Govt. Secretariat
Thiruvananthapuram.
(Chairperson OL(L)C)